വനങ്ങൾ

നാലാം പഞ്ചവൽസര പദ്ധതിയിലെ പ്രധാന ലക്ഷ്യം പ്രകൃതിദത്തമായ വനങ്ങൾ പരിപോഷിപ്പിക്കുകയും, വനത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമാകത്തക്കതരത്തിൽ വൃക്ഷത്തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ്. 1970–71–ൽ തേക്ക്, സോഫ്റ്റ് വുഡ്, ആഞ്ഞിലി, മുള, വിറകുവൃക്ഷങ്ങൾ എന്നിവ കൂടുതലായി വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മന്നം ഷുഗർ മില്ലിലേക്ക് അസംസ്കൃത സാധനങ്ങൾ നൽകുന്നതിന് 5,000 ഏക്കർ വനഭൂമിയിൽ കരിമ്പുകൃഷി ചെയ്യുന്നതിനും പരിപാടിയുണ്ട്.

ഒരു വനം കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള പദ്ധതി ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ താമസിയാതെ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേക്കുള്ള മുതൽമുടക്കിനായി അഞ്ചു ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. മലബാർപ്രദേശത്തെ സ്വകാര്യ വനങ്ങൾ ഏറ്റെടുക്കുന്നതിനായി ടോക്കൺ തുകയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിദ്യുച്ഛക്തി

സംസ്ഥാനത്ത് വിദ്യുച്ഛക്തിയുടെ സ്ഥിതി തൃപ്തികരമായി തുടരുന്നുവെന്നു മാത്രമല്ല, 1969 സെപ്റ്റംബർ മാസം മുതൽ നാം തമിഴ്നാടിന് വിദ്യുച്ഛക്തി നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ ഇക്കാര്യത്തിൽ നാം അലംഭാവം പുണ്ടിരിക്കാൻ പാടില്ല. കഴിഞ്ഞ പദ്ധതികാലത്ത് നമുക്ക് അഭിമുഖീകരിക്കേണ്ടിവന്ന രൂക്ഷമായ വിദ്യുച്ഛക്തി ദാരിദ്ര്യം ഇനിയൊരിക്കലും ആവർത്തിക്കാതിരിക്കണമെങ്കിൽ നാം തുടങ്ങിവച്ച പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കേണ്ടതു് ആവശ്യമാണ്. ഇടുക്കി പദ്ധതിയാണ് സംസ്ഥാനത്തിലെ ഏറ്റവും വലിയ വികസന പദ്ധതി. കൃാനഡാ ഗവൺമെൻറ് ഈ പദ്ധതിക്ക് വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്നുണ്ട്. വിവിധ കാരണങ്ങളാൽ ഈ പദ്ധതിയുടെ പുരോഗതി മന്ദീഭവിച്ചുവെന്നു മാത്രമല്ല കഴിഞ്ഞ വർഷം പണികളിൽ കാര്യമായ ഒരു സ്തംഭനം നേരിടുകയും ചെയ്തു. ഇടുക്കി, ചെറുതോണി എന്നീ ഭീമാകാരങ്ങളായ അണക്കെട്ടുകളുടെ കോൺക്രീറ്റു പണി പുനരാരംഭിച്ചുവെങ്കിലും മറ്റു ജോലികൾക്കു ചില ബുദ്ധിമുട്ടുകൾ നേരിട്ടിരിക്കുകയാണ്. പദ്ധതിയുടെ പൂർത്തീകരണം വരെ നിലനില്ക്കുന്ന ഒരു ധാരണ സൃഷ്ടിക്കണമെന്നുള്ള ഉദ്ദേശത്തോടെ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും ഒരുമിച്ചു കൊണ്ടുവരാനായി ഗവൺമെൻറ് വേണ്ട നടപടികൾ എടുത്തുവരികയാണ്. നമ്മുടെ സംസ്ഥാനത്തേയും, സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തേയും സംബന്ധിച്ചിടത്തോളം ഈ പദ്ധതിക്കുള്ള പ്രാധാന്യം ബന്ധപ്പെട്ട എല്ലാ കക്ഷികളും മനസ്സിലാക്കുമെന്നും, 1973 ആരംഭത്തോടുകൂടി പദ്ധതിയുടെ പ്രഥമ യൂണിറ്റ് കമ്മീഷൻ ചെയ്യുവാനും 1974-ഓടുകൂടി പദ്ധതി പൂർത്തിയാക്കുവാനും സാദ്ധ്യമാകത്തക്കവിധം ഇനിമേൽ ഒരു പ്രവർത്തി ദിവസംപോലും നഷ്ടപ്പെടുകയില്ലെന്നും ഞാൻ പ്രത്യാശിക്കുന്നു.

കോൺട്രാക്ടർമാരിൽ നേരിട്ട വീഴ്ചയുടെയും അതിനെത്തുടർന്നുണ്ടായ തർക്കത്തിൻെറയും കേസ്സിൻെറയും ഫലമായി കുറ്റ്യാടി പദ്ധതിയുടെ പ്രവർത്തനത്തിലും കാലതാമസമുണ്ടായി. എങ്കിലും അടുത്തകാലത്ത് അണക്കെട്ടിൻെറ പണി പുനരാരംഭിച്ചിട്ടുണ്ട്. മലബാർ പ്രദേശത്ത് വിദ്യുച്ഛക്തിയുടെ ലഭ്യത സുസ്ഥിരമാക്കുന്നതിന് ഈ പദ്ധതി പരമപ്രധാനമാണ്. ഇതു മനസ്സിലാക്കി 1971–ഓടുകൂടി പദ്ധതി പൂർത്തിയാക്കത്തക്കവിധം പണിയാതൊരു തടസ്സവും ഇല്ലാതെ തുടരുന്നതിനു ബന്ധപ്പെട്ടവർ ഉറപ്പു വരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലെ വിദ്യുച്ഛക്തി വിതരണസംവിധാനം വളരെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷത്തിനുശേഷം, സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, സബ് സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക, ട്രാൻസ്മിഷൻ ലൈനുകളും നിർമ്മിക്കുക എന്നീ പരിപാടികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ, വരുന്ന വർഷത്തിൽ ഇനിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതും തന്നിമിത്തം വിദ്യുച്ഛക്തിയുടെ ലഭ്യതയുടെയും വോൾട്ടേജിന്റെയും കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാവുകയും ചെയ്യുന്നതാണ്.

ഗാന്ധി ശതാബ്ദി വർഷത്തിൽ ഗ്രാമ വൈദ്യുതീകരണത്തിനുള്ള ഒരു വമ്പിച്ച പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റിനു് ഉദ്ദേശമുണ്ടായിരുന്നു. ഇതിലേയ്ക്കായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് കടപ്പത്രങ്ങളും മുഖേനയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽനിന്നു് കടമെടുത്തും ആവശ്യമായ ധനം സംഭരിക്കുകയും മുൻകാലങ്ങളെ അപേക്ഷിച്ചു മൂന്നിരട്ടി സാധനങ്ങൾക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ അലൂമിനിയം, ഉരുക്ക് എന്നീ അസംസ്കൃത സാധനങ്ങളുടെ ദൌർലഭ്യം നിമിത്തം അവ ഉദ്ദേശിച്ച തോതിൽ ലഭിച്ചില്ല. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനു താമസിയാതെ ഒരു പരിഹാരം ഉണ്ടാവുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

വിദ്യുച്ഛക്തി പരിപാടികൾക്കായി ബഡ്ജറിൽ വക കൊള്ളിച്ചിട്ടുള്ള തുക 15 കോടി രൂപയാണ്.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ വിദ്യുച്ഛക്തി ബോർഡിൽ ജീവനക്കാരുടെ ശമ്പളത്തെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട അവാർഡ് ഈ വർഷം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത അവാർഡിന്റെ പ്രയോജനം ലഭിക്കാത്ത ജീവനക്കാർക്ക് ഉഭയകക്ഷി ഉടമ്പടി പ്രകാരം ശമ്പളത്തിൽ ഈവർഷം തന്നെ വർദ്ധനവരുത്തിയിട്ടുണ്ട്. സംസ്ഥാനവിദ്യുച്ഛക്തി ബോർഡിലെ ജീവനക്കാർക്ക് മിക്കവാറുമുള്ള എല്ലാ സംസ്ഥാനങ്ങളിലെ ജീവനക്കാരെക്കാളും കൂടുതൽ ശമ്പളമാണ് നൽകുന്നതെന്നുള്ള വസ്തുത ബഹുമാനപ്പെട്ട സഭയ്ക്ക് അറിവുള്ളതാണല്ലോ.

വ്യവസായം

വ്യവസായ വികസനം സംസ്ഥാനത്തെ സമ്പദ്വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമാണ്. ആദ്യത്തെ രണ്ടു പദ്ധതിക്കാലത്തു വ്യവസായവൽക്കരണം വളരെ മന്ദഗതിയിലായിരുന്നു. വ്യവസായരംഗത്തുള്ള നിക്ഷേപം പ്രത്യേകിച്ചും കേന്ദ്രമേഖലയിലുള്ളത് വളരെ തുച്ഛമായിരുന്നു. അതുകൊണ്ട് സുശക്തമായ ഒരു വ്യാവസായികാടിസ്ഥാനം കെട്ടിപ്പടുക്കുന്നതിനു നിരന്തരമായ പരിശ്രമങ്ങൾ ആവശ്യമായിത്തീർന്നിരിക്കുന്നു. സംസ്ഥാനത്തെ പൊതുമേഖലാരംഗത്ത് കൂടുതൽ കേന്ദ്ര നിക്ഷേപത്തിനുവേണ്ടി നാം ശബ്ദമുയർത്തുകയും ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ യത്നം തുടർന്നും പൂർവ്വാധികം ശക്തിയോടെ നടത്തേണ്ടതായിട്ടാണിരിക്കുന്നത്. കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കുംഎന്നത് ആശ്വാസജനകമാണ്. ഹിന്ദുസ്ഥാൻ ലാറക്സ് ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. കൊച്ചി വളം നിർമ്മാണശാലയും ആസന്നഭാവിയിൽ ഉൽപ്പാദനക്ഷമമാകുമെന്നു പ്രതീക്ഷിക്കാം.

കൂടുതൽ വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുകയും വ്യവസായിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് 1967—ലെ പുതുതായ വ്യാവസായിക നയപ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly